ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/4386/2026-C1 (ACA)** തീയതി: **10-06-2026**

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം - അക്കാദമിക് (എ) വിഭാഗം - ടെക്നിക്കൽ ഹൈസ്കൂളുകളിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും ഹ്രസ്വകാല ലക്ഷ്യങ്ങൾ നടപ്പാക്കാനും - സൂപ്രണ്ടുമാരുടെ അടിയന്തിര യോഗം നടത്തുന്നത് സംബന്ധിച്ച്.

സൂചന :- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ചേമ്പറിൽ **18.04.2026** ൽ നടന്ന മീറ്റിംഗിന്റെ മിനിറ്റ്സ്.

ഈ വകുപ്പിന് കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഹ്രസ്വകാല ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരുടെയും ഒരു അടിയന്തിര യോഗം **2026 ജൂൺ 18 (വ്യാഴം) 10:30 am –ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം, DTE സെമിനാർ ഹാൾ-ൽ** വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വകുപ്പിന് കീഴിലുള്ള എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരും, **SITTTR** പ്രതിനിധികളും ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

യോഗത്തിൽ പങ്കെടുക്കുന്ന **SITTTR** പ്രതിനിധികൾ കഴിഞ്ഞ **3** വർഷം തുടർച്ചയായി **50%** ത്തിൽ താഴെ അഡ്മിഷൻ രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെയും ആ സ്ഥാപനത്തിലെ ട്രേഡുകളുടെയും വിവരങ്ങൾ യോഗത്തിൽ ലഭ്യമാക്കേണ്ടതാണ്. ഈ വിവരങ്ങൾ ഒത്തുനോക്കുന്നതിനായി എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരും തങ്ങളുടെ സ്ഥാപനങ്ങളിലെ കഴിഞ്ഞ **3** വർഷത്തെ അഡ്മിഷൻ വിവരങ്ങളും കരുതേണ്ടതാണ്. ചില ടെക്നിക്കൽ സ്കൂളുകളിലെ സൂപ്രണ്ടുമാർ സർവീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ നിലവിൽ സൂപ്രണ്ടിന്റെ താൽക്കാലിക ചുമതലയുള്ള ഉദ്യോഗസ്ഥൻ ഈ യോഗത്തിൽ സൂപ്രണ്ടിന് പകരമായി പങ്കെടുക്കേണ്ടതാണ്. വളരെ പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനാൽ എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരും നിർബന്ധമായും യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

ANI ABRAHAM

Digitally signed by
ANI ABRAHAM
Date: 10-06-2026
22:34:10

SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

1. ജോയിന്റ് ഡയറക്ടർ , SITTTR കളമശ്ശേരി.
2. ഈ വകുപ്പിന് കീഴിലുള്ള എല്ലാ ടെക്‌നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാർക്കും.
3. വിൽഫ്രഡ് ജോസഫ്, ടെക്‌നിക്കൽ ഓഫീസർ (ക്രമീകരണത്തിനായി)
4. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി